**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 601** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>കെടാവിളക്ക് പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** 1 മുതൽ 8 വരെ ക്ലാസുകളിലെ പിന്നാക്ക വിഭാഗ കുട്ടികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പിന് പകരം ആരംഭിച്ച "കെടാവിളക്ക് "പദ്ധതിക്കായി 2023 മുതൽ മുൻ സർക്കാർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കെടാവിളക്ക് സ്കോളർഷിപ്പിന് 2023 മുതൽ ആനുകൂല്യം അനുവദിച്ച വിദ്യാർത്ഥികളുടെ എണ്ണവും ചെലവഴിച്ച തുകയുടെ വിവരവും ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2023-24 | 115211 | 17,28,16,500/- |
| 2024-25 | 99834 | 14,97,51,000/- |
| 2025-26 | 99945 | 14,99,17,500/- |

**(ബി)** സംസ്ഥാന സർക്കാർ പൂർണ്ണമായും ഏറ്റെടുത്ത് നടപ്പിലാക്കിയ ഈ പദ്ധതി വഴി എത്ര ലക്ഷം വിദ്യാർത്ഥികൾക്കാണ് മുൻ സർക്കാരിന്റെ കാലത്ത് സ്കോളർഷിപ്പ് ലഭിച്ചത് എന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ഒ.ഇ.സി പോസ്റ്റ് മെട്രിക് ധനസഹായമായി 2021-2026 കാലയളവിൽ എത്ര കോടിരൂപയാണ് വകയിരുത്തിയത് എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഒ.ഇ.സി പോസ്റ്റ്മെട്രിക് ധനസഹായമായി 2021-2026 കാലയളവിൽ വകയിരുത്തിയ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വകയിരുത്തിയ തുക |
|---|---|
| 2021-22 | 230,20,00,000 |

| | |
|---|---|
| 2022-23 | 227,00,00,000/- |
| 2023-24 | 222,00,00,000/- |
| 2024-25 | 240,00,00,000/- |
| 2025-26 | 240,00,00,000/- |

**(ഡി)** ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് വഴി വിദേശ പഠന സൗകര്യം ലഭ്യമാക്കിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ നൽകാമോ?

**മറുപടി:** ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കി വരുന്നത് പട്ടികജാതി വികസന വകുപ്പ് മുഖേനയാണ്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി വഴി 427 വിദ്യാർത്ഥികൾ വിദേശ പഠനത്തിനായി പോയിട്ടുണ്ട്. പ്രസ്തുത വിദ്യാർത്ഥികളുടെ വിദേശ പഠനത്തിന് ടി പദ്ധതിയിൽ നാളിതുവരെ 100,51,25,000/- രൂപ ODEPC യ്ക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി പ്രകാരം 2021-26 കാലയളവിൽ ആകെ 166 വിദ്യാർത്ഥികൾക്കായി 6,81,35,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**